# സീനിയർ ത്രോബോൾ: രാജാക്കാട് വിജയികൾ

**രാജാക്കാട്:** രാജാക്കാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉഷാകുമാരി ഉദ്ഘാടനം ചെയ്തു. സ്കൂൾ വൈസ് പ്രിൻസിപ്പൽ പി.സി. പത്മനാഭൻ അധ്യക്ഷത വഹിച്ചു.

മത്സരത്തിൽ ബോയ്സ് വിഭാഗത്തിൽ രാജാക്കാട് ത്രോബോൾ ക്ലബ് ഒന്നാം സ്ഥാനവും എസ്എൻവി എച്ച്എസ് എൻആർ സിറ്റി രണ്ടാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ രാജാക്കാട് ത്രോ ബോൾ ക്ലബ് ഒന്നാം സ്ഥാനവും മാങ്കുളം എസ്എം എച്ച്എസ്എസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ഏഴ്, എട്ട് തിയതികളിൽ എറണാകുളത്ത് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള ജില്ലാ ടീമിനെയും തെരഞ്ഞെടുത്തു.